No. 164/NC/KNR/15 Dated: 21.06.2016

പ്രേഷിതൻ

ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്,
നർക്കോട്ടിക്ക് സെൽ, കണ്ണൂർ

സ്വീകർത്താവ്

ജില്ലാ പ്ലാനിംഗ് ഓഫീസർ
കണ്ണൂർ .

സർ

വിഷയം : പുകയില നിയന്ത്രണം നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന; No 610/2014DCC/DPO/KNR/RO1 Dated 15.09.2015

സൂചന കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പുകയില ഉത്പന്നങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് പുകയില ഉത്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ എല്ലാ സ്റ്റേഷൻ പിധിയിലെയും SHO മാർക്കും റെയിഡുകൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം എല്ലാ SHO മാരും നിരന്തരം റെയിഡുകൾ നടത്തിവരുന്നതും കേസുകൾ രജിസ്റ്റർ ചെയ്തു വരുന്നതുമാണ്. കൂടാതെ Clean Campus Safe Campus എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലും കോളേജ് പരിസരങ്ങളിലും പുകയില ഉത്പന്നങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ എത്തുന്നത് തടയുന്നതിനുവേണ്ടി പ്രത്യേകം റെയിഡുകൾ നടത്തി കേസുകൾ രജിസ്റ്ററചെയ്തു വരുന്നുണ്ട്.

പുകയില ഉത്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ എല്ലാ സ്കൂളുകളിലും നടത്തിവരുന്നുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ അന്താരാഷ്ട്ര മയക്ക മരുന്നു വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പോലീസുകാർ കമ്മ്യൂണിറ്റി മെമ്പർ മാർ ജനമൈത്രി CRO മാർ, NRHM ഹെൽത്ത് നഴ്സ്മാർ SPC കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ, NGO മെമ്പർമാർ എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് ഒരു ട്രെയിനിംഗ് നൽകിയിട്ടുള്ളതും അവരെ ഉൾപ്പെടുത്തി കൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഹരി വിരുദ്ധ കാവൽക്കൂട്ടം രൂപീകരിച്ചിട്ടുള്ളതും അവരെ ഉപയോഗിച്ച് ലഹരി ഉത്പന്നങ്ങളെ

കുറിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിച്ച് റെയിഡുകൾ നടത്തി കേസുകൾ രജിസ്റ്റർ ചെയ്തു വരുന്നുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് പുകയില ഉത്പന്നങ്ങളുടെ വിപണനവും ഉപയോഗവും കുറഞ്ഞു വരുന്നതായി കാണുന്നു. 01.01.2014 തീയ്യതി മുതൽ 31.12.2014 തീയ്യതി വരെ 300 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 01.01.2015 മുതൽ 31.12.2015 തീയ്യതി വരെ 342 കേസുകളും 2016 ജനവരി മാസം മുതല് മെയ് മാസം വരെ 191 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

2014 വർഷത്തെയും, 2015 വർഷത്തെയും, മെയ് 2016 വരെയുള്ള മാസത്തെയും പിടിച്ചെടുത്ത സാധനങ്ങളുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | 2014 | 2015 | 2016 |
|---|---|---|---|
| Hans | 15,208 pkt | 19971 Pkt | 35489 Pkt |
| Madhu | 366 Pkt | 21455 Pkt | 18521 Pkt |
| Coollip | 972 Pkt | 986 Pkt | 878 Pkt |
| ChainiKhaini | 900 Pkt | 2057 Pkt | 975 Pkt |
| Panparag | 3816 Pkt | 5702 Pkt | 565 Pkt |
| Swagath Gold Tobbacco | 1440 Pkt | 2725 Pkt | 388 Pkt |

23-06-16

ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്,
നർക്കോട്ടിക്ക് സെൽ, കണ്ണൂർ